കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - കൊളച്ചേരി ഗ്രാമ പഞ്ചായത്ത് - ട്രഷറി വകുപ്പിന് സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 1511/2013/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 11-6-2013

---

**പരാമർശം** :-1) കൊളച്ചേരി ഗ്രാമ പഞ്ചായത്തിന്റെ 6/2/2010 ലെ 23/2010 നമ്പർ തീരുമാനം

2) കൊളച്ചേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 9/3/2010ൽ ട്രഷറി ഡയറക്ടർക്കയച്ച എ1 471/06 നമ്പർ കത്ത്

3) ട്രഷറി ഡയറക്ടറുടെ 10/8/2012 ലെ പി.ഡി/ടി.ഐ.ഡി.പി/2732/2012 നമ്പർ കത്ത്

ഉത്തരവ്

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമ പഞ്ചായത്ത് വക കൊളച്ചേരി വില്ലേജ് റീസർവ്വേ 15/20,15/21-ൽപ്പെട്ട 10 സെന്റ് സ്ഥലം കൊളച്ചേരി സബ്ട്രഷറിക്കാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന് വിട്ടുകൊടുക്കുന്നതിന് പരാമർശം (1), (2) പ്രകാരം കൊളച്ചേരി ഗ്രാമ പഞ്ചായത്ത് തീരുമാനമെടുക്കുകയും അനുമതിക്കായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊളച്ചേരി വില്ലേജ് റീസർവ്വേ 15/20,15/21-ൽപ്പെട്ട 10 സെന്റ് സ്ഥലം കൊളച്ചേരി സബ്ട്രഷറിക്കാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന് വിട്ടുകൊടുക്കുന്നതിന് കൊളച്ചേരി ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണറുടെ ഉത്തരവിൻപ്രകാരം

ഷൈനി ജോർജ്ജ്
അണ്ടർ സെക്രട്ടറി.

സെക്രട്ടറി, കൊളച്ചേരി ഗ്രാമ പഞ്ചായത്ത്, കണ്ണൂർ,

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ൽ.ബി.എ&എ) കേരള, തിരുവനന്തപുരം

ഡയറക്ടർ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ(എസ്റ്റാ.സി) വകുപ്പ്(15/11/2011ലെ 87024/എസ്റ്റാ.സി3/11/ധന ,17/9/2012 ലെ 8886/എസ്റ്റാ.സി3/12/ധന അനൗദ്യോഗിക കുറിപ്പുകൾ പ്രകാരം )

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.